**ദൈവത്തിന്റെ സദ്ഗുണങ്ങളിൽ ഏറ്റവും കൂടുതൽ ദൂരമെത്തുന്നത് കരുണയാണ്**

**I. "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും... അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ"**

- ദൈവത്തിന്റെ സദ്ഗുണങ്ങളിൽ ഏറ്റവും കൂടുതൽ ദൂരമെത്തുന്നത് കരുണയാണ്, അത് അവന്റെ കൃപയെയും സ്നേഹത്തെയുംകാൾകൂടുതൽ ദൂരം പോകുന്നു
  - നമ്മുടെ സ്വാഭാവിക അവസ്ഥ അനുസരിച്ച്, നാം ദൈവത്തിൽനിന്നും വളരെ അകലെയായിരുന്നു, അവന്റെ കൃപയ്ക്ക് പൂർണ്ണമായും അയോഗ്യരായിരുന്നു; അവന്റെ കരുണ സ്വീകരിക്കുവാൻ മാത്രമേ നാം യോഗ്യരായിരുന്നുള്ളൂ
- ഇച്ഛിക്കുന്നവൻ താൻ കരസ്ഥമാക്കുവാൻ ഇച്ഛിക്കുന്നത് നേടുമെന്നും ഓടുന്നവൻ താൻ എന്തിനായി ഓടുന്നുവോ അത് നേടുമെന്നുമാണ് നമ്മുടെ ധാരണ
  - നമുക്ക് ദൈവത്തിന്റെ കരുണ അറിയാമെങ്കിൽ, നമ്മുടെ പരിശ്രമത്തിൽ നാം ആശ്രയിക്കുകയോ നമ്മുടെ പരാജയങ്ങളിൽ നാം നിരാശരാകുകയോ ചെയ്യുകയില്ല; നമ്മുടെ അരിഷ്ടാവസ്ഥയെച്ചൊല്ലിയുള്ള പ്രത്യാശ ദൈവത്തിന്റെ കരുണയിലാണ്
- ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയിൽ നാം അവനെ സേവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് പൂർണ്ണമായും ദൈവത്തിന്റെ സർവാധികാരപരമായ കരുണയുടെ കാര്യമാണെന്ന് നാം അറിയേണ്ടതുണ്ട്
  - സർവാധികാരപരമായ കരുണ എന്ന പ്രയോഗം അർഥമാക്കുന്നത് ദൈവത്തിന്റെ കരുണ തികച്ചും ദൈവത്തിന്റെ സർവാധികാരത്തിന്റെ കാര്യമാകുന്നു എന്നാണ്
  - നാം ഇത് എത്രത്തോളം കാണുന്നുവോ അത്രത്തോളം നാം കർത്താവിന്റെ മുമ്പാകെ നമ്മുടെ ഉത്തരവാദിത്വം വഹിക്കും; എങ്കിലും, ഉത്തരവാദിത്വം വഹിക്കാനുള്ള നമ്മുടെ സന്നദ്ധത പോലും ദൈവത്തിന്റെ കരുണ നിമിത്തമാണ്
  - അവന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ച്, ദൈവത്തിന് കരുണ തോന്നണമെന്നുള്ളവനോട് അവന് കരുണ തോന്നുന്നു
- സകലവും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന തത്ത്വം റോമർ 9 വെളിപ്പെടുത്തുന്നു
  - ദൈവത്തിന്റെ കരുണ കാണുകയും നിശ്ചയമായും അവന്റെ കരുണയെ സ്പർശിക്കുകയും ചെയ്യുന്ന ഒരു സമയമെങ്കിലും നമുക്കുണ്ടായിരിക്കണം
- "അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്ക് മുമ്പോട്ടുവരാം"
  - ദൈവത്തിന്റെ കരുണയും കൃപയും നമുക്ക് എപ്പോഴും ലഭ്യമാണ്; എങ്കിലും, കൃപയുടെ സിംഹാസനത്തിലേക്ക് മുമ്പോട്ടുവരാൻ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് നാം അവയെ സ്വീകരിക്കുകയും കണ്ടെത്തുകയും വേണം
- അവന്റെ സർവാധികാരത്തിൽ പിതാവായ ദൈവം നമ്മോട് കരുണ കാണിച്ചിരിക്കുന്നു; അതുകൊണ്ട്, അവന്റെ സർവാധികാരപരമായ കരുണയ്ക്കായി നാം അവനെ സ്തുതിക്കുകയും ആരാധിക്കുകയും വേണം

**ദൈവത്തിന്റെ സദ്ഗുണമായ കരുണ നമ്മുടെ പ്രകൃതമായിത്തീരണം**

**II. "കരുണയുള്ളവർ അനുഗൃഹീതർ, അവരോട് കരുണയുണ്ടാകും"**

- നീതിമാനായിരിക്കുകയെന്നാൽ ഒരുവൻ അർഹിക്കുന്നത് അവന് നൽകുക എന്നാണ്, അതേസമയം കരുണയുള്ളവനായിരിക്കുകയെന്നാൽ ഒരുവൻ അർഹിക്കുന്നതിനേക്കാൾ മികച്ചത് അവന് നൽകുക എന്നാണ്.
- നാം മറ്റുള്ളവരോട് കരുണയുള്ളവരാണെങ്കിൽ, പ്രത്യേകിച്ച് അവന്റെ ന്യായാസനത്തിൽവച്ച് കർത്താവ് നമ്മോട് കരുണ കാണിക്കും
- നമ്മോടുതന്നെ നീതിയുള്ളവരായിരിക്കുവാനും മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുവാനും നാം പഠിക്കണം

**III. "പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽനിന്നും കൃപയും കരുണയും സമാധാനവും ഉണ്ടായിരിക്കട്ടെ"**

- സഭകളുടെ അധഃപതനത്തിന്റെ സാഹചര്യത്തിൽ, ദൈവത്തിന്റെ കരുണ ആവശ്യമാണ്
- ഈ കരുണ ദൈവത്തിന്റെ സമ്പന്നമായ കൃപയെ കൊണ്ടുവരുന്നു, അത് ഏത് അധഃപതനത്തോടും ഇടപെടുവാൻ മതിയായതാണ്

**IV. "കരുണ കാണിച്ചിട്ടില്ലാത്തവന് ന്യായവിധി കരുണ കൂടാതെയാകുന്നു; കരുണ ന്യായവിധിയുടെമേൽ ജയോത്സവം നടത്തുന്നു"**

- ദരിദ്രനായ ഒരു സഹോദരനെ നിന്ദിക്കുന്ന ആർക്കും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വരുമ്പോൾ കരുണ ലഭിക്കുകയില്ല
  - ന്യായംവിധിക്കപ്പെടുവാൻ നാം കർത്താവിന്റെ മുമ്പാകെ വരുമ്പോൾ, നാം നമ്മുടെ സഹോദരനോട് കരുണ കാണിച്ചിട്ടില്ലാത്തതുകൊണ്ട് അവൻ നമ്മോട് കരുണ കാണിക്കുകയില്ല.
  - നാം കരുണ കാണിക്കേണ്ടതാവശ്യമാണ്, കാരണം കരുണ ന്യായവിധിയുടെമേൽ ജയോത്സവം നടത്തുന്നു.

**V. നാം കർത്താവിന്റെ കരുണയ്ക്കായി അവന്റെ മുമ്പാകെ കുമ്പിടുകയും അവനെ ആരാധിക്കുകയും വേണം**

- കർത്താവിന്റെ കരുണയ്ക്കായി നാം എത്രയധികം അവനെ ആരാധിക്കുന്നുവോ അത്രയധികം നാം ഉയർത്തപ്പെടും.
- ദൈവം നമ്മെ തിരഞ്ഞെടുക്കുകയും, നമ്മെ മുൻനിയമിക്കുകയും, നമ്മെ വിളിക്കുകയും, അവന്റെ പ്രത്യുദ്ധാരത്തിൽ നമ്മെ ആക്കിവയ്ക്കുകയും ചെയ്തത് എന്തൊരു കരുണയാകുന്നു!
- ഭാവിക്കായി നാം നമ്മിൽത്തന്നെയല്ല, മറിച്ച് അവനിലും അവന്റെ ആശ്ചര്യകരമായ കരുണയിലും ആശ്രയിക്കുന്നു.
- കർത്താവിനോടുകൂടെയുള്ള നമ്മുടെ മുന്നോട്ടുള്ള പോക്ക് നാം ഇച്ഛിക്കുന്നതിനാലോ ഓടുന്നതിനാലോ അല്ല, മറിച്ച് ദൈവത്തിന്റെ കരുണയാലത്രേ.
- ദൈവത്തിന്റെ കരുണ അത്ഭുതകരമായ രീതിയിൽ പ്രവർത്തിക്കുന്നു.

## മത്തായി 5:3-12-ലെ ഒമ്പത് പദങ്ങളുടെ ആകത്തുക രാജ്യജനത്തിന്റെ പ്രകൃതമാണ്

ഈ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ രാജ്യജനത്തിന്റെ സ്വഭാവം പരിഗണിക്കുന്ന കാര്യത്തിൽ, നിർണ്ണായകമായ ഒമ്പതു വാക്കുകൾ, ഒമ്പത് അനുഗ്രഹങ്ങളിൽനിന്നും ഓരോന്നു വീതം നാം ഓർത്തിരിക്കണം. രാജ്യജനം എത്തരത്തിലുള്ള ജനമായിരിക്കണമെന്ന് ഈ വാക്കുകൾ വെളിപ്പെടുത്തുന്നു. അവർ എല്ലായ്പോഴും ആത്മാവിൽ ദരിദ്രരും, ഇന്നത്തെ സാഹചര്യത്തെച്ചൊല്ലി വിലപിക്കുന്നവരും, എതിർപ്പിനെ അഭിമുഖീകരിക്കുന്നതിൽ സൗമ്യതയുള്ളവരും, തങ്ങളോടുതന്നെ നീതിയുള്ളവരും, മറ്റുള്ളവരോട് കരുണയുള്ളവരും, ദൈവത്തോട് നിർമ്മലരും, എല്ലാ മനുഷ്യരോടും സമാധാനമുള്ളവരും, നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവരും, ക്രിസ്തു നിമിത്തം നിന്ദിക്കപ്പെടുന്നവരും ആയിരിക്കണം. ഈ ഒമ്പത് പദങ്ങളുടെ ആകത്തുക രാജ്യജനത്തിന്റെ പ്രകൃതമാണ്.

1. **ആത്മാവിൽ ദരിദ്രരായവർ**—ഈ വാക്യങ്ങളുടെ അനുക്രമം വളരെ പ്രധാനമാണ്. ഒന്നാമത് നാം ആത്മാവിൽ ദരിദ്രരായിരിക്കണം; അപ്പോൾ നമുക്ക് വിലപിക്കുവാൻ കഴിയും. നമ്മുടെ ആത്മാവിൽ നാം ദരിദ്രരല്ലെങ്കിൽ നമ്മുടെ ആളത്തത്തിനുള്ളിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിന് രാജാവിനു വരുവാൻ നമ്മിൽ ഇടമുണ്ടാകയില്ല. നമ്മുടെ ഉള്ളിൽ സ്വർഗീയരാജ്യം സ്ഥാപിച്ചിട്ടില്ലെങ്കിൽ, മുഴുവൻ ലോകവും എത്ര പ്രതീലോമപരവും ശോചനീയവുമാണെന്ന് മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല.

2. **വിലപിക്കുന്നവർ**—നാം ആത്മാവിൽ ദരിദ്രരായിരിക്കണം, അപ്പോൾ നമുക്ക് വിലപിക്കുവാൻ കഴിയും. ഇക്കാരണത്താൽ, ആദ്യം വിലപിക്കുന്നതിനെക്കുറിച്ചും പിന്നീട് ആത്മാവിൽ ദരിദ്രരായിരിക്കുന്നതിനെക്കുറിച്ചും കർത്താവായ യേശു പറഞ്ഞില്ല. നമ്മുടെ ആത്മാവിൽ ദരിദ്രരായിരിക്കുന്ന കാര്യം അവൻ ആദ്യം വച്ചു.

3. **സൗമ്യതയുള്ളവർ**—നാം ആത്മാവിൽ ദരിദ്രരും, മറ്റുള്ളവരുടെ ശോചനീയമായ സാഹചര്യത്തെച്ചൊല്ലി വിലപിക്കുന്നവരുമാണെങ്കിൽ, സ്വമേധയാ നാം സൗമ്യത ഉള്ളവരായിരിക്കും. മറ്റുള്ളവർക്കുവേണ്ടി നാം വിലപിക്കുന്നതുകൊണ്ട്, നാം അവരോട് പോരടിക്കുകയില്ല. മറ്റുള്ളവരുടെ ശോചനീയമായ സാഹചര്യത്തെക്കുറിച്ച് ഉള്ളിൽ ആഴമായ ഒരു അനുഭൂതി നിങ്ങൾക്കുള്ളതുകൊണ്ട് അവരോട് നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും. വിലപിക്കുന്ന രീതിയിൽ നിങ്ങൾ അവർക്കുവേണ്ടി പ്രാർഥിക്കുകയായിരുന്നതുകൊണ്ട്, നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും

4. **നീതിക്കായി വിശന്നു ദാഹിക്കുന്നവർ**—മറ്റുള്ളവരോട് നാം സൗമ്യരായിരിക്കുമ്പോൾ തന്നെ നാം നീതിക്കായി വിശന്നു ദാഹിക്കുന്നവരായിരിക്കണം. എല്ലാവരുമായും നാം നേരുള്ളവരായിരിക്കണം. നാം വിലപിക്കുന്നവരും സൗമ്യരുമാണെങ്കിൽ, നമുക്ക് അയഞ്ഞവരായിരിക്കുവാൻ കഴിയുമെന്നു ചിന്തിക്കരുത്. ഇല്ല, ഉന്നതമായ നീതിക്കുവേണ്ടി നാം വിശപ്പും ദാഹവും ഉള്ളവരായിരിക്കണം. നീതിയുടെ കാര്യത്തിൽ നമ്മോടുതന്നെ നാം കർക്കശക്കാരായിരിക്കണം.

5. **കരുണയുള്ളവർ**—നിങ്ങളോടുതന്നെ നിങ്ങൾ വാസ്തവമായി കർക്കശതയുള്ളവരാണെങ്കിൽ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കേണ്ടത് എങ്ങനെയെന്ന് നിങ്ങൾ അറിയും. എന്നാൽ ആദ്യം നിങ്ങളോടുതന്നെ നീതിയുള്ളവനായിരിക്കാതെ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കുവാൻ ശ്രമിക്കരുത്. നമുക്കുവേണ്ടിത്തന്നെ ഒരിക്കലും ഒഴികഴിവുകൾ നൽകാതെ നമ്മോടുതന്നെ നാം നീതിയുള്ളവരും കർക്കശക്കാരും ആയിരിക്കണം.

6. **നിർമ്മലർ**—അനുഗ്രഹങ്ങളുടെ അനുക്രമമനുസരിച്ച് ഹൃദയശുദ്ധിയുള്ളവനായിരിക്കുന്നത് മറ്റുള്ളവരോട് കരുണ കാണിക്കുന്നതിനുശേഷം വരുന്നു. ഇതും നമ്മുടെ അനുഭവത്തോട് ചേർന്നുവരുന്നു. നിങ്ങളോടുതന്നെ നിങ്ങൾ നീതിയില്ലാത്തവനും മറ്റുള്ളവരോട് കരുണയില്ലാത്തവനുമാണെങ്കിൽ, ദൈവത്തോട് ഹൃദയശുദ്ധിയുള്ളവനായിരിക്കുന്നത് പ്രയാസമാണെന്ന് നിങ്ങൾ കണ്ടെത്തും. നമ്മോടുതന്നെ നാം കർക്കശക്കാരും മറ്റുള്ളവരോട് കരുണയുള്ളവരും ആയിരിക്കുമ്പോൾ നാം ദൈവത്തെ കാണുന്നു. മറിച്ചാണെങ്കിൽ നമ്മുടെ കണ്ണുകൾ തികച്ചും അന്ധമായിരിക്കുകയും നാം ദൈവത്തെ കാണാതിരിക്കുകയും ചെയ്യുന്നു.

7. **സമാധാനമുണ്ടാക്കുന്നവർ**—തങ്ങളോടുതന്നെ കർക്കശക്കാരും, മറ്റുള്ളവരോട് കരുണയുള്ളവരും ദൈവത്തോട് നിർമ്മലരും സമാധാനം ഉണ്ടാക്കുന്നവരാണ്. അവർ ആരെയും വ്രണപ്പെടുത്താനോ, വേദനിപ്പിക്കാനോ, ഹാനിവരുത്താനോ ഇഷ്ടപ്പെടുന്നില്ല. മറിച്ച്, എല്ലാവരുമായും സമാധാനമുണ്ടാക്കുവാൻ അവർ ഇഷ്ടപ്പെടുന്നു. സമാധാനം ഉണ്ടാക്കുന്നവനായിരിക്കുകയെന്നാൽ നയപരനായിരിക്കുകയെന്നല്ല അർഥമാക്കുന്നത്. നയപരമായിരിക്കുന്നത് വ്യാജവും കാപടവുമാണ്. നാം, നയപരമായി വൃത്തമല്ല, നീതിപരമായി ചതുരമായിരിക്കണം. പുതിയ യെരൂശലേം വൃത്തമല്ല, ചതുരമാണെന്ന് ഓർക്കുക.

8. **ഉപദ്രവിക്കപ്പെടുന്നവർ**—ഈ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതിന് അനുസരിച്ചുള്ള ഒരു പ്രകൃതം നമുക്കുണ്ടെങ്കിൽ, സമൂഹത്തിൽ ചിലർ നമ്മെ ഉപദ്രവിക്കും. ഈ ഉപദ്രവം രണ്ടു കാരണങ്ങൾ നിമിത്തമായിരിക്കും: നീതിനിമിത്തവും, ക്രിസ്തു നിമിത്തവും. എട്ടാമത്തെ അനുഗ്രഹം നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നതിനെയും (വാ. 10), ഒമ്പതാമത്തേത് ക്രിസതുനിമിത്തം ഉപദ്രവിക്കപ്പെടുന്നതിനെയും സംബന്ധിച്ചാണ് (വാ. 11-12). ദുഷിച്ച സമൂഹം നാമ്മോട് യോജിക്കുകയില്ല. നീതിമാന്മാരായിരിക്കുവാൻ നാം ആഗ്രഹിക്കുന്നതുകൊണ്ട്, നീതി നിമിത്തം അവർ നമ്മെ ഉപദ്രവിക്കും. നേരായിരിക്കുവാനും സത്യസന്ധരായിരിക്കുവാനും നാം ആഗ്രഹിക്കുന്നതുകൊണ്ട് അവർ നമ്മെ ഉപദ്രവിക്കും

9. **നിന്ദിക്കപ്പെടുന്നവർ**—മുഴുവൻ ലോകവും, അത് രാഷ്ട്രീയപരമോ, മതപരമോ, വിദ്യാഭ്യാസപരമോ, വാണിജ്യപരമോ, വ്യവസായപരമോ ആകട്ടെ, അത് ക്രിസ്തുവിന് എതിരാണ്. അതുകൊണ്ട്, നിങ്ങൾ ക്രിസ്തുവിനാലോ, ക്രിസ്തുവിനുവേണ്ടിയോ, ക്രിസ്തുവിനോടുകൂടെയോ ജീവിക്കുന്നുവെങ്കിൽ, നിങ്ങൾ തീർച്ചയായും നിന്ദിക്കപ്പെടുകയും നിങ്ങളെക്കുറിച്ച് ദോഷമായി സംസാരിക്കുകയും ചെയ്യും. ജനം നിങ്ങളെക്കുറിച്ച് നിരവധി കിംവദന്തികൾ പ്രചരിപ്പിക്കും